റിപ്പോർട്ട് സഭ അംഗീകരിച്ചു.

(1) അനൗദ്യോഗികാംഗങ്ങളുടെ ബിൽ

ശ്രീ. സി.ടി. കൃഷ്ണൻ : സർ, 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(2) 1984-ലെ കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയ പ്രകാരമുള്ളത്)

ശ്രീ. എ.വി. താമരാക്ഷൻ : സർ, ബഹുമാന്യനായ ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയിട്ടുള്ള കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഒരു ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ നിയമസഭയിൽ തന്നെ നിരവധി പ്രാവശ്യം ശ്രദ്ധക്ഷണിക്ക പ്രമേയത്തിലൂടെയും, സബ്മിഷനിലൂടെയും മറ്റ് പല രൂപത്തിലും നമ്മു സംസ്ഥാനത്ത് നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കി തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്ന ആവശ്യം ഉയർത്ത യിട്ടുള്ളതാണ്. ഈ സഭയ്ക്കകത്തും പുറത്തും കെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികൾ കക്ഷി രാഷ്ട്രീയത്തിനതീതമായി, ഈ ആവശ്യങ്ങൾ അംഗീക രിക്കപ്പെടുന്നതിനുവേണ്ടി ശക്തമായ പ്രക്ഷോപണങ്ങൾ നടത്തിക്കൊണ്ടിരിക്കു കയുമാണ്. സർ, ഈ സഭയിൽ തന്നെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി പല അവസരങ്ങളിൽ ഈ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരി ക്കുന്ന കാര്യത്തെപ്പറ്റി 'അടിയന്തിരമായി നടപ്പിലാക്കും' അടിയന്തിര നടപടി, സ്വീകരിക്കും, എന്നൊക്കെ പറഞ്ഞതാണ്. അതിനുവേണ്ടി മഹാബലറാവു കമ്മിഷനായി ഒരു ഏകാംഗ കമ്മീഷനെ സംസ്ഥാന ഗവൺമെൻറ് നിയമിച്ചി രുന്നു. മഹാബലറാവു കമ്മിഷനായിട്ടുള്ള ആ കമ്മിഷന്റെ റിപ്പോർട്ട് സംസ്ഥാന ഗവൺമെൻറിന് കിട്ടിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്ന് മാത്രമല്ല, ഈ കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഒരു സമഗ്രമായ ക്ഷേമനിധി ലാ ഡിപ്പാർട്ടുമെൻറ് തന്നെ തയ്യാറാക്കി സംസ്ഥാന ഗവൺ മെൻറിന് സമർപ്പിച്ചിട്ടും, മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ഈ ഗവൺമെൻറിന് ഈ തൊഴിലാളികളോട് അൽപ്പംപോലും താൽപ്പര്യമില്ലെ ന്നാണ് കാണാൻ കഴിയുന്നത്. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള ഗവൺമെൻറിന്റെ അവസാന നിയമസഭാ സമ്മേളനങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഈ നിയമസഭ 29-ാം തീയതി അവസാനിക്കുന്നതിന് മുൻപായി ഈ സമ്മേളനത്തിൽപോലും ഈ കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ നിധിബിൽ ചർച്ചയ്ക്കു കൊണ്ടുവരാനോ, അത് പാസ്സാക്കാനോ ഇടയുണ്ടെ ന്നുള്ള യാതൊരു വിശ്വാസവും എനിക്കില്ല. ആ നിലയിൽ ബഹുമാന്യനായ ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ ഗവൺമെൻറിന് എന്തെങ്കിലും ഭേദഗതി വേണമെങ്കിൽ അത് അംഗീകരിക്കാൻ ഇത് അവതരിപ്പിച്ച ശ്രീ. കാനം രാജേന്ദ്രൻ തയ്യാറാണ്. ആ നിലയിൽ സംസ്ഥാന ഗവൺമെൻറ് പിടിവാശി കാണിക്കാതെ, നമ്മുടെ കേരളത്തിലുള്ള ഈ രംഗത്ത് പണിയെടു ക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ താൽപ്പര്യമാണ് ആഗ്രഹമെങ്കിൽ, ഇനി ഈ ഗവൺമെൻറിന് ഇത്തരം നിയമനിർമ്മാണം നടത്താൻ സമയമുണ്ടാകു കയില്ലെന്നത് കണക്കിലെടുത്തുകൊണ്ടും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ നിയമം അംഗീകരിക്കാനുള്ള സൗമനസ്യമെങ്കിലും സംസ്ഥാന ഗവൺമെൻറ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെൻറിന് ഈ നിയമ ത്തിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ, എന്തെങ്കിലും ഭേദഗതി വരുത്ത ണമെങ്കിൽ ആ ഭേദഗതികൾ പൂർണ്ണ മനസ്സോലേ അംഗീകരിക്കാൻ തയ്യാറാ ണെന്ന് പ്രബന്ധാവതാരകൻ തന്നെ എന്നോട് സമ്മതിച്ചിട്ടുണ്ട്. ആ നില യിൽ അത് അംഗീകരിച്ചുകൊണ്ടും ഈ നിയമം അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly